പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1999 **26-10-2026-ൽ മറുപടിയ്ക്ക്**

വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) പാറശാല നിയോജകമണ്ഡലത്തിലെ വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിലെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, കെട്ടിടങ്ങളുടെ അവസ്ഥ, ചികിത്സാ സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനും ആശുപത്രി നവീകരിക്കുന്നതിനുമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇതിനായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ, പദ്ധതിയുടെ അടങ്കൽ തുക, അനുവദിച്ച തുക, ഫണ്ടിന്റെ ഉറവിടം, പ്രധാന ഘടകങ്ങൾ, ഭരണാനുമതിയുടെ വിശദാംശം, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ;

മറുപടി: 21.06.2022ലെ സ.ഉ(സാധാ)നം.658/PWD ഉത്തരവ് പ്രകാരം വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിന് പുതിയ ഒ.പി ബ്ലോക്ക് നിർമ്മിക്കുന്നതിന് 2 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് 06.03.2026-ന് പ്രവർത്തനം ആ രംഭിച്ചു. കൂടാതെ എം.എൽ.എ ഫണ്ടും കിഫ്ബി ഫണ്ടും ഉപയോഗിച്ച് നിർമ്മിച്ച ഐസൊലേഷൻ വാർഡിന്റെ ഉദ്ഘാടനം 06.03.2026-ന് നടക്കുകയുണ്ടായി. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള വാർഷിക പദ്ധതിയും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായുള്ള ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതികളും നിലവിലുണ്ട്.

(ബി) വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കൂടുതൽ കിടക്കകൾ അനുവദിക്കുന്നതിനും ലബോറട്ടറി, ഫാർമസി, രോഗനിർണയം, അടിയന്തര ചികിത്സ തുടങ്ങിയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആധുനിക മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും പുതിയ ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കുന്നതിനും സർക്കാർ നിർദ്ദേശങ്ങൾ പരിഗണിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് പദ്ധതിയോ പ്രൊപ്പോസലോ നിലവിലുണ്ടെങ്കിൽ, അതിന്റെ വിശദാംശം, ബന്ധപ്പെട്ട ഫയൽ നമ്പർ, അനുവദിച്ച തുക, നിലവിലെ നടപടിക്രമ ഘട്ടം എന്നിവ വ്യക്തമാക്കാമോ;

മറുപടി: നിലവിൽ പരിഗണനയിലില്ല

(സി) വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിലെ നിലവിലുള്ള ജീവനക്കാരുടെ എണ്ണം, അനുവദിക്കപ്പെട്ട തസ്തികകൾ, ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പിന്റെയോ സർക്കാരിന്റെയോ

പരിഗണനയിലുണ്ടോ; എങ്കിൽ, പ്രൊപ്പോസൽ സമർപ്പിച്ച അധികാരി, സമർപ്പിച്ച തീയതി, ബന്ധപ്പെട്ട ഫയൽ നമ്പർ, നിർദ്ദേശിച്ചിട്ടുള്ള അധിക തസ്തികകൾ, നിലവിലെ സ്ഥിതി, ഇതുവരെ സ്വീകരിച്ച തീരുമാനങ്ങൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ; പ്രൊപ്പോസൽ നിലവിലില്ലെങ്കിൽ, സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിലെ രോഗികളുടെ എണ്ണം, ചികിത്സാ ആവശ്യകത, പ്രദേശത്തെ ജനസംഖ്യ എന്നിവ പരിഗണിച്ച് കൂടുതൽ ഡോക്ടർമാരെയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെയും നഴ്സുമാരെയും പാരാമെഡിക്കൽ ജീവനക്കാരെയും അനുവദിക്കുന്നതിനും നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളോ ശിപാർശകളോ സർക്കാരിന്റെയോ ആരോഗ്യ വകുപ്പിന്റെയോ പരിഗണനയിലുണ്ടെങ്കിൽ, അവയുടെ വിശദാംശം, ബന്ധപ്പെട്ട ഫയൽ നമ്പറുകൾ, അനുവദിച്ച തസ്തികകളുടെ എണ്ണം, നിയമന നടപടികളുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഇ) വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തെ കൂടുതൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളുള്ള ആരോഗ്യകേന്ദ്രമായി വികസിപ്പിക്കുന്നതിന് സമഗ്ര വികസന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ, പദ്ധതിയുടെ അടങ്കൽ തുക, അനുവദിച്ച തുക, ഫണ്ടിന്റെ ഉറവിടം, അടിസ്ഥാന സൗകര്യ വികസനം, ചികിത്സാ സൗകര്യങ്ങളുടെ വിപുലീകരണം, ജീവനക്കാരുടെ ലഭ്യത മെച്ചപ്പെടുത്തൽ എന്നിവ സംബന്ധിച്ച പ്രധാന നിർദ്ദേശങ്ങൾ, ബന്ധപ്പെട്ട ഫയൽ നമ്പറുകൾ, പദ്ധതി നടപ്പാക്കുന്നതിനുള്ള സമയക്രമം എന്നിവ വ്യക്തമാക്കാമോ; പദ്ധതി തയ്യാറാക്കിയിട്ടില്ലെങ്കിൽ, ഇതിനായി സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ